DESPATCHED
On...06/02/2020

13.1.20.


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic@kerala.nic.in


ഹർജി നമ്പർ **AP 622(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.2604/SIC-Gen5/2018**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.കെ. മൊയ്തുണ്ണി,
കടുങ്ങാം കുന്നത്ത് കാട്ടിൽ ഹൗസ്,
മുതൂർ പി.ഒ.,
മലപ്പുറം–679 578. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   കാലടി ഗ്രാമ പഞ്ചായത്ത്,
   കാടഞ്ചേരി പി.ഒ., മലപ്പുറം.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ
   കാര്യാലയം, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 23.10.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.11.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 9.1.2018 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 17.2.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.3.2018 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 16.3.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 8.10.2018 & 28.12.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 7.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 9.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.കെ. മൊയ്തുണ്ണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി ടിയാനോട് 16/- രൂപ ഫീസ്സായും 25/- രൂപ തപാലായും ഒടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു എന്നും ആയതു പ്രകാരം തുക ഒടുക്കി ചലാൻ ഹാജരാക്കിയിട്ടും സ്റ്റാമ്പ് ചാർജ് അടവാക്കിയിട്ടും ടിയാൻ ആവശ്യപ്പെട്ട രേഖകൾ നാളിതുവരെ

നൽകിയില്ലെന്നും ടിയാന്റെ അപേക്ഷയിലെ എ, ബി, സി, ഇ, എഫ്, ജി, ഐ, ജെ, കെ, എൽ, എം, എൻ എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്നാണ് ഒന്നാം എതിർകക്ഷി അറിയിച്ചത് എന്നും ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ അപ്പീൽ കാലാവധി സംബന്ധിച്ച വിവരം നൽകിയില്ലെന്നും രണ്ടാം എതിർകക്ഷി അപ്പീൽ കാലാവധി കഴിഞ്ഞശേഷമാണ് മറുപടി ലഭ്യമാക്കിയത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

58–2016–17 നമ്പറായി 26.8.2016 ൽ നഫീസ, അഷറഫ് എന്നിവർക്ക് നൽകിയ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് അപേക്ഷകൻ കാലടി ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയോടൊപ്പം സമർപ്പിച്ച – (എ) ആധാരത്തിന്റെ പകർപ്പ് നൽകണമെന്നും (ബി) കൈവശ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് നൽകണമെന്നും (സി) നികുതി അടവാക്കിയ രസീതിന്റെ പകർപ്പ് നൽകണമെന്നും (ഡി) പ്ലാൻ വരച്ച എഞ്ചിനീയറുടെ ലൈസൻസിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി ഡബ്ല്യു വരെയുള്ള ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ എ, ബി, സി, ഇ, എഫ്, ജി, ഐ, ജെ, കെ, എൽ, എം, എൻ എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടതായിരുന്നു എന്നും മേൽപ്പടി വിവരങ്ങൾ നൽകുന്നതിന് സമ്മതമല്ലെന്ന് ബന്ധപ്പെട്ട മൂന്നാം കക്ഷി അറിയിച്ചിട്ടുള്ളതാണെന്നും ഡി, എച്ച്, ഒ, പി, ക്യു എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും മറ്റുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളിൽ രഹസ്യ വിവരങ്ങൾ ഒന്നും അടങ്ങിയിട്ടില്ലെന്നും ഒന്നാം എതിർകക്ഷി നിർദ്ദേശിച്ച പ്രകാരം ഫീസ് ഒടുക്കിയിട്ടും ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കിയിട്ടില്ലെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് നഫീസ, അഷറഫ് എന്നിവർക്ക് ബിൽഡിംഗ് പെർമിറ്റ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ആയിരുന്നു എന്നും മേൽപ്പടി വിവരങ്ങൾ ബന്ധപ്പെട്ട 3–ാം കക്ഷി മറ്റൊരാൾക്കും നൽകരുതെന്ന് ചൂണ്ടിക്കാട്ടിയ രേഖകൾ മാത്രമാണ് ഹർജിക്കാരന് നൽകാത്തത് എന്നും ആയതിനാൽ മേൽപ്പടി വിവരങ്ങൾ നൽകാതിരുന്നതിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും വീഴ്ച ഒന്നും ഉണ്ടായിട്ടില്ലെന്നും എന്നാൽ ബന്ധപ്പെട്ട രേഖകൾക്ക് പകർപ്പ് ഫീസ് ഒടുക്കിയിട്ടും ആയത് നൽകാത്തത് ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വീഴ്ചയാണെന്നും ആയതിനാൽ മേൽപ്പടി രേഖകളുടെ പകർപ്പുകൾ ഒരിക്കൽ കൂടി ഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കേണ്ടതാണെന്നും മറുപടി നൽകുന്ന അവസരത്തിൽ ഒന്നാം അപ്പീൽ അധികാരിയുടെ ശരിയായ മേൽവിലാസവും ഒന്നാം അപ്പീൽ സമർപ്പിക്കേണ്ട സമയപരിധിയും രേഖപ്പെടുത്തുന്നതിൽ ശ്രദ്ധ പതിപ്പിക്കണമെന്നും മറ്റുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, രണ്ടാം എതിർകക്ഷി നിർദ്ദേശിച്ച പ്രകാരം ഹർജിക്കാരന് ആദ്യം നൽകിയിരുന്ന രേഖകളുടെ പകർപ്പുകൾ ഒരിക്കൽ കൂടി രജിസ്റ്റേർഡ് തപാലായി അയച്ചു

നൽകിയിരുന്നു എന്നും സർക്കാർ ഭൂമി കൈയേറിയാണ് ശ്രീ. അഷറഫ്, നഫീസ എന്നിവർ കെട്ടിട നിർമ്മാണം നടത്തിയതെന്ന പരാതി നൽകിയിട്ടുള്ളത് എന്നത് വ്യക്തി വിരോധം തീർപ്പാക്കുന്നതിന് വേണ്ടിയാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമായിട്ടുള്ള പൊതു രേഖകൾ ആണെന്നു കാണുന്നു. ആയതിന്റെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട വ്യക്തികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാകുമെന്ന് കരുതുവാൻ നിർവ്വാഹമില്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളിൽ 'എ' ഇനത്തിൽ ആവശ്യപ്പെട്ടവ ഒഴികെയുള്ളവ വെളിപ്പെടുത്തിയാൽ ആയത് ബന്ധപ്പെട്ട 3-ാം കക്ഷികൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് ഉണ്ടാകുമെന്നോ മേൽപ്പടി വിവരങ്ങളുടെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട മൂന്നാം കക്ഷിയുടെ സ്വകാര്യതയെ ബാധിക്കുമെന്നോ കരുതുവാൻ നിർവ്വാഹമില്ല. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കുള്ളിൽ ഹർജിക്കാരന് സൗജന്യമായി അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk